12/1/23

30/12/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001


**Tel: 0471- 2561631, 2561615, Fax: 0471-2330920**

**Email:- sic.ker@nic.in**


**ഹർജി നമ്പർ AP.No.884 (5)/2022/SIC**

**തീർപ്പ്കൽപ്പിച്ചു കൊണ്ടുള്ള നടപടിക്രമം**

**File No. 6624/SIC-G7/2022**

**സന്നിഹിത**

**ശ്രീമതി. ശ്രീലത പി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ഉത്തരവ് തീയതി :. 30.12.2022**

**ശ്രീമതി. ഷീല ആർ.,**
**ലീലാമന്ദിരം, റെയിൽവേ സ്റ്റേഷന് സമീപം,**
**കടയ്ക്കാവൂർ പി.ഒ., തിരുവനന്തപുരം –695 306.** } **അപ്പീൽ ഹർജിക്കാരി**

**Vs**

1. **സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,**
   **കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ,**
   **തിരുവനന്തപുരം – 695 306.**

2. **അപ്പീൽ അധികാരി,**
   **കെ.എസ്.ഇ.ബി., ഇലക്ട്രിക്കൽ സെക്ഷൻ,**
   **തിരുവനന്തപുരം – 695 306.**

} **എതിർകക്ഷികൾ**

| | |
|---|---|
| 6(1) അപേക്ഷ തീയതി | 05.01.2022 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | 01.02.2022 |
| ഒന്നാം അപ്പീൽ | 09.02.2022 |
| അപ്പീൽ അധികാരിയുടെ തീരുമാനം | 25.02.2022 |
| രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 27.04.2022 |
| ഹിയറിംഗ് തീയതി, | 21.11.2022 |
| എതിർകക്ഷി<br>അപ്പീൽവാദി | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരി വിവരാവകാശ അപേക്ഷയിലൂടെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറോട് ആവശ്യപ്പെട്ടത്, കെ.എസ്.ഇ.ബി.യിൽ നിന്നും കൺസൻന്റ് വാങ്ങുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളായിരുന്നു. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികൾ നൽകിയ മറുപടി തൃപ്തികരമല്ലെന്ന് ആരോപിച്ചുകൊണ്ടാണ് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചത്. പ്രസ്തുത അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ഇരുകക്ഷികളെയും നേരിൽ കേൾക്കാൻ നിശ്ചയിച്ചതിന്റെ അടിസ്ഥാനത്തിൽ

കമ്മീഷൻ മുമ്പാകെ നടന്ന നേർവിചാരണയിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും അപ്പീൽ ഹർജിക്കാരിയും ഹാജരായിരുന്നു.

2. വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയിലെ 5,6,8,9 ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമാക്കിയില്ലെന്നും ആയതിനാൽ അപേക്ഷയിന്മേൽ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ഹർജിക്കാരി കമ്മീഷൻ മുമ്പാകെ മൊഴി നൽകുകയുണ്ടായി.

3. അപ്പീൽ ഹർജിക്കാരി 05.01.2022 ൽ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് 01.02.2022 ന് മറുപടി നൽകിയിട്ടുണ്ടെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ സമർപ്പിച്ച അപ്പീലിന്മേലും 25.02.2022 ന് തീർപ്പ് കൽപ്പിച്ചിട്ടുണ്ടെന്നും ടിയാൾ മൂന്നാമത്തെ ചോദ്യത്തിൽ ഉന്നയിച്ചിരുന്ന വർഷങ്ങൾക്ക് മുമ്പ് പ്രകൃതിക്ഷോഭത്തിൽ കേടുപാടായ പഴകിയ തടി പോസ്റ്റ് മാറ്റി സ്ഥാപിച്ചത് ആരുടേയും അപേക്ഷ പ്രകാരമല്ലെന്നും സുരക്ഷ ഉറപ്പാക്കേണ്ടതും വൈദ്യുതി പുന:സ്ഥാപിക്കേണ്ടതും ലൈസൻസിയുടെ ഉത്തരവാദിത്വമാണെന്നും ടിയാളെ അറിയിച്ചിട്ടുണ്ടെന്നും നാലാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ടിരുന്ന ഇലക്ട്രിസിറ്റി ആക്ട് 2003 ലെ സുരക്ഷയെ സംബന്ധിച്ചുള്ള പ്രസക്ത ഭാഗത്തിന്റെ പകർപ്പ് നൽകിയിട്ടുണ്ടെന്നും ടിയാളുടെ പരാതിയുടെ അടിസ്ഥാനത്തിൽ സെക്ഷൻ ഓഫീസിലെ ജീവനക്കാർ സ്ഥലപരിശോധന നടത്തി കൺസ്യൂമർ നമ്പർ 842 ന്റെ മതിലിനു മുകളിലൂടെ സ്ഥാപിച്ചിരുന്ന ലൈൻ മാറ്റി സ്ഥാപിക്കുകയും ടിയാൾക്ക് വിവരം നൽകുകയും ചെയ്തിട്ടുണ്ടെന്നും ഹർജിക്കാരിയുടെ എല്ലാ ചോദ്യങ്ങൾക്കും വ്യക്തമായ മറുപടി നൽകിയിട്ടുണ്ടെന്നും ശക്തിലാൽ എന്ന വ്യക്തി ലൈൻ മാറ്റി സ്ഥാപിക്കാൻ അപേക്ഷ നൽകിയിട്ടില്ലെന്നും റോഡിലൂടെ സ്ഥാപിച്ചിട്ടുള്ള ലൈൻ മാറ്റി സ്ഥാപിക്കുമ്പോൾ അത് വസ്തുവിലൂടെ കടന്നുപോകണമെങ്കിൽ വസ്തു ഉടമയുടെ അനുമതി ആവശ്യമാണെന്നുമുള്ള മറുപടി ടിയാൾക്ക് നൽകിയിട്ടുണ്ടെന്നും എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

4. അപ്പീൽ ഹർജിയും, അനുബന്ധ രേഖകളും ഇരുകക്ഷികളുടെയും മൊഴിയും കമ്മീഷൻ വിശദമായി പരിശോധിച്ചു. അപ്പീൽഹർജിക്കാരി വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയതായി കാണുന്നു. എന്നിരുന്നാലും 5,6,8,9 ചോദ്യങ്ങൾക്ക് വ്യക്തമായ മറുപടി ലഭ്യമായില്ലെന്ന് ഹർജിക്കാരി കമ്മീഷൻ മുമ്പാകെ മൊഴി നൽകിയ സാഹചര്യത്തിൽ പ്രസ്തുത വിവരങ്ങൾ ഒരിക്കൽകൂടി വ്യക്തമായും ടിയാൾക്ക് ലഭ്യമാക്കേണ്ടതും പ്രസ്തുത വിവരം ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം രേഖാമൂലം കമ്മീഷനെ അറിയിക്കേണ്ടതുമാണ്. ഇപ്രകാരം ഈ അപ്പീൽ ഹർജി ഇന്നേ ദിവസം 2022 ഡിസംബർ മാസം 30 -ാം തീയതി ഉത്തരവാകുന്നു.

(ഒപ്പ്)

**ശ്രീലത. പി. ആർ.**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**കമ്മീഷൻ സെക്രട്ടറി**